**മൂന്നു വർഷം ചെലവഴിച്ച ക്യാംപസ് ആണോർമ്മകൾ മാത്രമെ അവശേഷിപ്പിക്കുന്നുവെന്നത് ഓർമ്മയുടെ ക്രോഡീകരണങ്ങളിൽ അദ്ഭുത്തതോടെ മനസ്സിലാവുന്നു. ആ കാലം അത്യധികം സർറിയൽ ആയിത്തോന്നിയതും സ്വാഭാവികം. ഒരു പൂർവ്വ വിദ്യാർത്ഥിയുടെ ഓർമ്മ.**



ഹരികൃഷ്ണൻ



# ആണോർമ്മകൾ ബാക്കി



ഹന്ന

കാൽ നൂറ്റാണ്ടിനിപ്പുറത്തുനിന്ന് തിരിഞ്ഞോ മറിഞ്ഞോ മുകളിലേക്കോ താഴേക്കോ നോക്കുമ്പോൾ എൺപതുകൾ തന്ന രാഷ്ട്രീയമോ സാമൂഹികമോ ആത്മീയമോ ഒക്കെയായ അതേ ഏകാന്തതകൾ തന്നെയാണ് ഞാനും ഇപ്പോൾ അനുഭവിക്കുന്നതെന്നു മനസ്സിലാവുന്നു. എഴുപതുകളുടെ ജീവിതവും മരണവും അറിഞ്ഞ മുൻമുറക്കാരെ പോലെയല്ല ഞങ്ങളെന്നതിന് അന്നുണ്ടായി, ഇന്നുമുണങ്ങാതെ വേദനിപ്പിക്കുന്ന അതേ മുറിവുകൾ സാക്ഷി. എഴുപതുകളുടെ പഴുത്തളിഞ്ഞ ആ കാൽപ്പനികതയിൽ- മുറിവുകളുടെ പൂന്തോട്ടം.



വളരെ വ്യക്തിപരമായ കാരണങ്ങൾ കൊണ്ടാവണം, ഗൃഹാതുരതയെ പുറംജീവിതത്തിലും ആന്തരിക ജീവിതത്തിലും ആഘോഷിക്കാൻ കഴിയാത്ത ഒരാളാണു ഞാൻ. നൊസ്റ്റൊമാനിയ എന്ന വാക്കിനെ അതിന്റെ രസികത്തം കൊണ്ടും കാവ്യനീതി സ്വഭാവം കൊണ്ടും താൽപ്പര്യവുമുണ്ട്. മൂന്നു വർഷം ചെലവഴിച്ച ക്യാംപസ് ആണോർമ്മകൾ മാത്രമെ അവശേഷിപ്പിക്കുന്നുവെന്നത് ഓർമ്മയുടെ ക്രോഡീകരണങ്ങളിൽ അദ്ഭുത്തതോടെ മനസ്സിലാവുന്നു. ഓർമ്മിച്ചപ്പോൾ ആ കാലം അത്യധികം സർറിയൽ ആയിത്തോന്നിയതും സ്വാഭാവികം.



**കെ.ആർ. ഗൗരിയമ്മ**

**പിൽക്കാലത്ത് സ്ത്രീകൾക്ക് പൊതുരംഗത്തേക്ക് സധൈര്യം കടന്നുവരാൻ പ്രചോദനം നൽകിയ അപൂർവ്വ പ്രതിഭ**

**ധന്യാരാജ്**



ക്ളാസ് മുറികൾ, നീളൻ വരാന്തകൾ, എല്ലാ ജനാലകളും തുറന്നിട്ട ഒരു ചെറിയ മുറിയുടെ സൗന്ദര്യമുണ്ടായിരുന്നുവെന്ന് ഇപ്പോൾ തോന്നിപ്പിക്കുന്ന കലാസാഹിതി, കയ്യിലെത്തിയ ഒറ്റ നല്ല പുസ്തകം കൊണ്ടുപോലും ഓർമ്മിക്കാനാവാത്ത വലിയ ലൈബ്രറി, ലേഡീസ് ഹോസ്റ്റൽ പിന്നിട്ട് ചാലിയാറിന്റെ തീരത്തേക്കുള്ള വൈകുന്നേര നടത്തങ്ങൾ, എസ്.എസ്. ഹോസ് റ്റൽ, ഒരു മുഴുവൻ പകലിന്റെയും മുന്തിരിക്കുരുക്കളും ആപ്പിൾ കഷ്ണങ്ങളും ചെറിയ മേശകളിൽ വീണു കിടന്നിരുന്ന ഐസ്ക്രീം പാർലറുകൾ, എതിരെ വന്നു മോഹിപ്പിക്കുകയോ നിരാശപ്പെടുത്തുകയോ ചെയ്ത ജോൺ ഏബ്രഹാം, ആയിരം മണങ്ങളുടെയും കാഴ്ചകളുടെയും കോഴിക്കോട് നഗരം, ഫാറൂഖിന്റെ രാത്രികൾ...


എന്റെ കോളേജ് കാലം ജീവിതത്തിലെ പെൺമയുടെ പിൽക്കാല സൂചികകളും നിർവചിച്ചില്ല. ഫാറൂഖിന്റെ വലിയ ഗേറ്റ് കടന്നു പോവുമ്പോഴും തിരിച്ചിറങ്ങുമ്പോഴും മനസ്സിലെ പെണ്ണിടങ്ങൾ ദൃഢസൗഹൃദമോ പ്രണയത്തിന്റെ തേടലോ പിരിയലോ ഇല്ലാതെ ശൂന്യമായിത്തന്നെ കിടക്കുന്നുവെന്ന് അറിയാം. ഞാൻ പ്രവേശിക്കുകയും മൂന്നു വർഷത്തിനു ശേഷം തിരിച്ചിറങ്ങുകയും ചെയ്ത ആ വലിയ കവാടം- എഴുത്തിന്റെ പെൺമലയാളത്തിൽ കമല സുരയ്യ മരിക്കാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ഇന്ദു മേനോൻ ജനിക്കാനിരിക്കുകയും. പെണ്ണെഴുത്ത് എന്ന വാക്കുതന്നെ പിന്നെയെപ്പോഴോ കേൾക്കാനിരിക്കുകയായിരുന്നു. ആൺമനസ്സിന്റെ ആഴങ്ങളിൽനിന്നു കാണാതായ സാധനങ്ങൾ കണ്ടെടുക്കാനുള്ള ആ പ്രാർത്ഥന പെൺപ്രണയത്തിന്റെ കയ്യിലുണ്ടെന്നും എനിക്കറിയില്ലായിരുന്നു.

എന്നിട്ടും എന്നു തുടങ്ങാനാവുന്ന ഒരു വരിയെഴുതാനുള്ള ആത്മവിശ്വാസം ഫാറൂഖിന്റെ സ്ത്രൈണത്തെക്കുറിച്ച് ഇല്ലാത്തതുകൊണ്ട് മറ്റൊരു ഖണ്ഡികയിലേക്ക്(സ്വാഭാവികമായും അതു മറ്റൊരു ഉപവിഷയമാവണമല്ലോ) എന്റർ കീയുടെ കൈ പിടിച്ച്, നിങ്ങളാരും ശ്രദ്ധിക്കാതെ ഇതിനിടെ ഒറ്റ ചാട്ടം ചാടിയല്ലോ ഞാൻ. പൊന്നാനി കടലോരത്തെ ചെറിയ കോളേജിൽനിന്നായിരുന്നു ഞാൻ

**അവളിപ്പോൾ എവിടെ, പഴയ പതിമൂന്നാം വയസ്സിനെ മറച്ചുവെച്ച്, എത്രത്തോളം നിഗൂഢയായി കഴിയുന്നുണ്ടായിരിക്കാമെന്നൊരു കൗതുകം ചില നേരങ്ങളിൽ തോന്നാറുണ്ട്.**

ഫാറൂഖിലെത്തിയത്. കുടുംബപരമായി പരിചയമുള്ള ചില പെൺകിടാങ്ങളായിരുന്നു ചെറിയ സൗഹൃദക്കൂട്ടത്തിൽ അവിടെ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ അവരൊന്നും പെൺമയുടെ അദ്ഭുതം തന്നില്ല. പെണ്ണിന്റെ ഏറ്റവും ആകർഷണീയതകളിലൊന്ന് നിഗൂഢതയാണ്. അങ്ങനെയെങ്കിൽ ഒരു പുരുഷായുസ്സു മുഴുവൻ ഒപ്പമുണ്ടായാലും സ്ത്രീയുടെ സമസ്ത ഭാവപ്രകാശനങ്ങളിലേതായാലും അവൾ വെളിപ്പെടാത്തവൾ. അപ്രാപ്യമാകയാൽ അഹങ്കാരിയും. ഫാറൂഖിന്റെ കാലത്തൊന്നും ഇങ്ങനെയൊരു ചിന്ത എന്നിലുണ്ടായിട്ടില്ല. പക്ഷേ, പെണ്ണിന്റെ നിഗൂഢതയെക്കുറിച്ച് അതിനുമുമ്പേ ഒരു പുസ്തകം വെളിപ്പെടുത്തി തന്നിരുന്നു. ഖസാക്കിന്റെ ഇതിഹാസം. എന്തായാലും ഖസാക്കിലൂടെ മാത്രറിഞ്ഞ പെണ്ണിന്റെ ആ ഗൂഢവിദ്യ അനുഭവിക്കാൻ ഫാറൂഖിന്റെ ക്യാംപസ് എന്നെ സഹായിച്ചില്ല. പക്ഷേ, അതിലേക്കുള്ള ഒരു പ്രവേശിക ലഭിച്ചത് അവിടെനിന്നായിരുന്നു- പെൺകിടാങ്ങളുടെ ഭൂതകാലം. അക്കാലത്തു ചെറിയ സൗഹൃദമുണ്ടായിരുന്ന ഒരു പ്രീ ഡിഗ്രിക്കാരിയിലുള്ളിടത്തോളം ഒറ്റപ്പെടലും സങ്കടവും ചോരയുമുള്ളൊരു ഭൂതകാലം പിന്നീടൊരിക്കലും മറ്റാരിൽനിന്നും കേട്ടിട്ടില്ല. അവളിപ്പോൾ എവിടെ, പഴയ പതിമൂന്നാം വയസ്സിനെ എങ്ങനെയൊക്കെ മറച്ചുവെച്ച്, എത്രത്തോളം നിഗൂഢയായി കഴിയുന്നുണ്ടായിരിക്കാമെന്നൊരു കൗതുകം ചില നേരങ്ങളിൽ തോന്നാറുണ്ട്.

*ഹരികൃഷ്ണൻ മാധ്യമപ്രവർത്തകൻ, തിരക്കഥാകൃത്ത്.*









**അക്കാമ്മ ചെറിയാൻ**

**അസാമാന്യ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും സ്വാതന്ത്ര്യത്തിനായി പോരാടിയ കേരളത്തിന്റെ വീരറാണി**

**ആർ. മാധവൻ നായർ**


ഒറ്റപ്പെട്ട ചില പ്രണയങ്ങൾ ഒഴിച്ചു നിർത്തിയാൽ പൊതുവെ ആൺകുട്ടികളും പെൺകുട്ടികളും ഇടകലരുന്നത് കുറവായിരുന്നു. ഒരുമിച്ചിരുന്ന് ഒരു സർബത്ത് കുടിക്കാനുള്ള അവസരം പോലും ഉണ്ടായിരുന്നില്ല. ഒരു പൂർവ്വ വിദ്യാർത്ഥിയുടെ ഓർമ്മക്കുറിപ്പ്.

സ്ത്രീത്

മൊയ്തു കണ്ണങ്കണ്ടി

ഗതകാലവട്ടം

# ആൺ-പെൺ സൗഹൃദമില്ലാ കാലം



ഹാഫിസ്



നാൽപ്പത്തിരണ്ട് വർഷം മുമ്പുള്ള ഫാറൂഖ് കോളേജ് ക്യാംപസിലേക്ക്. അക്കാലത്ത് ക്യാംപസിൽ മുപ്പതുശതമാനം പെൺകുട്ടികളായിരുന്നു. കലാപരമായും രാഷ്ട്രീയമായും കഴിവു തെളിയിച്ച ഒരു പാട് പെൺപ്രതിഭകൾ ഉള്ള കാലം. അപ്പോഴും ഫാറൂഖിലെ പെൺകുട്ടികൾ ഇക്കാലത്തെപ്പോലെ കായികരംഗത്തുനിന്ന് അകന്നുനിന്നു. അന്നത്തെ സഹപാഠികളെ ഓർക്കുന്നത് അവരിലുണ്ടായിരുന്ന വ്യത്യസ്ത കഴിവുകളുടെ അടിസ്ഥാനത്തിലാണ്.

കാലഘട്ടത്തിന്റെ പ്രത്യേകത കൊണ്ടോ എന്തോ, ക്യാംപസിൽ ആൺ-പെൺ സൗഹൃദം ഇല്ലായിരുന്നുവെന്നു തന്നെ പറയാം. ഒറ്റപ്പെട്ട ചില പ്രണയങ്ങൾ ഒഴിച്ചു നിർത്തിയാൽ പൊതുവെ ആൺകുട്ടികളും പെൺകുട്ടികളും ഇടകലരുന്നത് കുറവായിരുന്നു. ഒരുമിച്ചിരുന്ന് ഒരു സർബത്ത് കുടിക്കാനുള്ള അവസരം പോലും ഉണ്ടായിരുന്നില്ല.

വളർന്നുവന്ന ഗ്രാമത്തിന്റെയും സാമൂഹിക പശ്ചാത്തലത്തിന്റെയും പ്രതിഫലനമായിരുന്നു ക്യാംപസിലും ഉണ്ടായിരുന്നത്. സ്ത്രീ സങ്കൽപ്പം മനസ്സിൽ രൂപപ്പെട്ടതിൽ ക്യാംപസ് അഗാധമായി സ്വാധിനിച്ചിട്ടുണ്ട്.



കമല സുരയ്യ

എന്തിനെപ്പറ്റി, എങ്ങനെ, എപ്പോൾ പറഞ്ഞാലും അതു സ്നേഹത്തിന്റെ അനേകമനേകം ഭാഷാന്തരങ്ങളിലേക്കു പരിവർത്തിപ്പിച്ച മധുരസാന്നിധ്യം

നവാസ് പൂനൂർ



സ്ത്രീത്വത്തെക്കുറിച്ചുള്ള സങ്കൽപ്പം മാറ്റിമറിക്കുവാനോ ഭേദഗതി ചെയ്യുവാനോ ഉള്ള മതിയായ സാഹചര്യം ക്യാംപസിൽ ഉണ്ടായിരുന്നില്ല. അന്നുണ്ടായിരുന്ന അതിർവരമ്പുകൾ ഇന്നു ലോലമാണ്. അന്നത്തെ പല വിലക്കുകളും ഇന്നില്ല. ആൺ-പെൺ സൗഹൃദം സാർവത്രികമായിട്ടുണ്ട്. ഗേൾഫ്രണ്ട് എന്ന സങ്കൽപ്പം ഇന്നത്തെ ക്യാംപസിലുണ്ട്.

ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം ഒരു സ്ത്രീ അമ്മയാകാം, കാമുകിയാകാം, സഹോദരിയാകാം, ഭാര്യയാകാം, മകളാവാം. ഇതൊന്നുമല്ലാത്ത ഗേൾഫ്രണ്ട് സങ്കൽപ്പം മലയാളിക്കില്ല. അതിനാൽത്തന്നെ ഗേൾഫ്രണ്ട് എന്നതിന് അനുയോജ്യമായ മലയാളം വാക്കുപോലുമില്ല. ഈയൊരു പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ആൺ-പെൺ സൗഹൃദം വളർന്നിട്ടുണ്ട്.

ഈ സൗഹൃദങ്ങളെ മഞ്ഞക്കണ്ണാടി വെച്ചു നോക്കുന്നതിലും മാറ്റം വന്നിട്ടുണ്ട്.ഈ പ്രക്രിയയിൽ മാധ്യമങ്ങളുടെ സാന്നിധ്യം സജീവമായിരുന്നു. അക്കാലത്ത് പത്രങ്ങളും മാസികകളും സ്ത്രീത്വം കേന്ദ്രീകരിച്ചിരുന്നില്ല. അന്നത്തെ സിനിമ അടയാളപ്പെടുത്തിയ സ്ത്രീ കഥാപാത്രങ്ങൾ സമൂഹത്തിന്റെ പരിച്ഛേദമായിരുന്നില്ല. പുരുഷ മേധാവിത്തം ആഗ്രഹിക്കുന്ന രീതിയിൽ ഉണ്ടാക്കിയെടുക്കപ്പെട്ട സ്ത്രീത്വമായിരുന്നു അത്.

അക്കാലത്തെ സാമൂഹിക മനഃശാസ്ത്രം ആൺകുട്ടിക്ക് പ്രാധാന്യം നൽകുന്നതായിരുന്നു. പെൺകുട്ടിയെ കുറിച്ചുള്ള പൊതുവായ ചിന്ത അവൾ നാളെ വേറൊരിടത്തേക്ക് പോകാനുള്ളതാണെന്നാണ്.

ഇരുപത് വർഷം മുമ്പ് ഫെഡറൽ ബാങ്കിന്റെ ഒരു പരസ്യമുണ്ടായിരുന്നു. ആൺകുട്ടികളുടെ വിദ്യാഭ്യാസ ചെലവിന്, പെൺകുട്ടികളുടെ വിവാഹ ചെലവിന്. വർഷങ്ങൾ കഴിഞ്ഞിട്ടും സമൂഹത്തിന്റെ ഇത്തരത്തിലുള്ള നിലപാടുകളിൽ ഒരു മാറ്റവും വന്നിട്ടില്ല. ഇന്ന് ഒരുപാട് പ്രതിഭാശാലികളായ പെൺകുട്ടികൾ എഴുത്തിന്റെ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. നൈസർഗികമായ കഴിവിലൂടെ അവർ അവരുടെതായ സ്ഥാനം സമൂഹത്തിൽ നേടുന്നുണ്ട്. എങ്കിലും ബിസിനസ് രംഗത്ത് സ്ത്രീ സാന്നിധ്യം ഇപ്പോഴും ശുഷ്കമാണ്.

സ്ത്രീകൾക്കു ബുദ്ധിയില്ലാത്തതോ കഴിവില്ലാത്തതോ പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുന്നതിലെ മടിയോ അല്ല ഇതിന്റെ കാരണം. ഈ രംഗത്ത് സ്ത്രീകൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നീണ്ട യാത്രയ്ക്കുള്ള തടസ്സങ്ങളാണ്. ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ സ്ത്രീ രാവും പകലുമില്ലാതെ ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതിലുള്ള ബുദ്ധിമുട്ടാകാം ബിസിനസ് രംഗത്ത് സ്ത്രീ സാന്നിധ്യം കുറയുന്നതിന്റെ പ്രധാന കാരണം. പാശ്ചാത്യ സംസ്കാരത്തെ അന്ധമായി വാരിപ്പുണരുന്ന ഒരു തലമുറയാണ് ഇന്ന് ക്യാംപസിൽ കടന്നു വരുന്നത്. വ്യക്തമായ ലക്ഷ്യബോധത്തോടെയായിരിക്കും നാളെ ഓരോ കുട്ടിയും ക്യാംപസിൽ എത്തുക.

*മൊയ്തു കണ്ണങ്കണ്ടി വ്യവസായി,*
*എഴുത്തുകാരൻ.*

**അവൾ**
**അടുക്കളക്കോലായിലിരുന്നു**
**കഞ്ഞി മുക്കി കുടിക്കുകയായിരുന്നു**
**മുറ്റത്ത് ഉണങ്ങാനിട്ട നെല്ല് കാക്ക**
**കൊത്തി കൊണ്ടുപോകുന്നതും**
**നോക്കി. മടിയിലിരുന്ന കുഞ്ഞ്**
**മുല കുടിക്കുന്നതിനിടെ**
**മൂത്രമൊഴിച്ചത്**
**കഞ്ഞിപ്പാത്രത്തിലേക്ക്.**
**കഞ്ഞിയോടൊപ്പം ആ മൂത്രം**
**മുഴുവനും അവൾ കുടിച്ചു.**
**കഞ്ഞിയിൽ കുറച്ച് ഉപ്പ്**
**കൂടുതലായേ അവൾക്കു**
**തോന്നിയുള്ളൂ. വേറെ വല്ലപ്പോഴും**
**അങ്ങനെ സംഭവിച്ചിരുന്നോ**
**എന്നാർക്കറിയാം.**

ചെറിയമുണ്ടം അബ്ദുറസാഖ്
**(ചില നേരങ്ങൾ, ചില അനുഭവങ്ങൾ)**







## കെ.ആർ. ഗൗരിയമ്മ

**ജീവിത ഗുണമേന്മയിൽ കേരളത്തെ ഇന്ത്യയുടെ മുൻനിരയിൽ എത്തിക്കാനായി സാമൂഹിക പരിവർത്തനങ്ങൾക്ക് തുടക്കമിട്ട ഉജ്വല പ്രതിഭ**


**കെ.വി. കുഞ്ഞിരാമൻ**

എന്നും ഒരു കൂട്ടം വിദ്യാർത്ഥികൾ രാവിലെത്തന്നെ പ്രിൻസിപ്പലിന്റെ മുറിയിൽ കയറി 'രാജൻ എവിടെ?' എന്ന ഒരൊറ്റ ചോദ്യം ചോദിക്കും. പ്രിൻസിപ്പലിന്റെ മറുപടി അറിയില്ല എന്നാണെങ്കിൽ അന്ന് സമരം. തുടർച്ചയായ പഠിപ്പുമുടക്കലുകൾ.

സ്ത്രീത | കെ.എം. നരേന്ദ്രൻ

ഗതകാലവട്ടം

# അക്കാലം പെൺകുട്ടികളുടെ സംഘകാലം



നിഹാല

അടിയന്തരാവസ്ഥയുടെ വീർപ്പുമുട്ടലുകളിൽനിന്നു മോചിതമായിക്കൊണ്ടിരിക്കുന്ന 1977. പാർലമെന്റ് തിരഞ്ഞെടുപ്പ് കഴിയുകയും ഇന്ദിര ഗാന്ധി അധികാരത്തിൽനിന്നു പുറത്താവുകയും ചെയ്ത കാലം. ഇന്ത്യയിലെ എല്ലാ ക്യാംപസുകളെയുംപോലെ ഫാറൂഖ് കോളേജിന്റെ മനസ്സും പുകയുന്ന കാലം.

അടിയന്തരാവസ്ഥയ്ക്ക് ശേഷമുള്ള കാലം. രാജന്റെ തിരോധാനം സംബന്ധിച്ച് ദുരൂഹതകൾ കത്തി നിൽക്കുന്നു. ക്യാംപസിലാകമാനം പ്രതിഷേധത്തിന്റെ ഇരമ്പലുകൾ. അക്കാലത്ത് എന്നും ഒരു കൂട്ടം വിദ്യാർത്ഥികൾ രാവിലെത്തന്നെ പ്രിൻസിപ്പലിന്റെ മുറിയിൽ കയറി 'രാജൻ എവിടെ?' എന്ന ഒരൊറ്റ ചോദ്യം ചോദിക്കും. പ്രിൻസിപ്പലിന്റെ മറുപടി അറിയില്ല എന്നാണെങ്കിൽ അന്ന് സമരം. തുടർച്ചയായ പഠിപ്പുമുടക്കലുകൾ.

സമദാനിയെ പോലുള്ളവർ ക്യാംപസിൽ പ്രസംഗങ്ങൾകൊണ്ട് തീപ്പൊരി ഉയർത്തിയ കാലം. ഞങ്ങൾ കുറച്ചാളുകൾ ചേർന്ന് പുതിയ പാർട്ടി രൂപീകരിച്ചു. ഗഹനമായ ചിന്തകൾക്കൊടുവിൽ പാർട്ടിക്കു പേരിട്ടു. ദോശ. ദോശ ദേശീയ ഭക്ഷണമാക്കുക എന്നതായിരുന്നു ഞങ്ങളുടെ മുദ്രാവാക്യം.



സി.കെ. ജാനു

ഭാവിയിൽ കേരള ചരിത്രമെഴുതുമ്പോൾ സി.കെ. ജാനുവിനെക്കുറിച്ച് ഒരധ്യായംതന്നെ ഉണ്ടാകും

രേഷ്മ ഭരദ്വാജ്



തമാശയായിരുന്നെങ്കിലും വിദ്യാർത്ഥി പിന്തുണ പാർട്ടിക്കു ലഭിച്ചു. ദേശ പാർട്ടിയുടെ പാനലിൽ മൽസരിച്ച് ജയിച്ച ചരിത്രമുണ്ട്. അന്ന് ക്യാംപസിൽ പകുതിയോളം പെൺകുട്ടികളായിരുന്നു. വിദ്യാർത്ഥി രാഷ്ട്രീയത്തിലും സ്ത്രീപക്ഷം സജീവമായിരുന്നു. അക്കാലത്തും ഫാറൂഖിലെ പെൺകുട്ടികൾ ഫാഷനബ്ൾ ആയിരുന്നു. മാറിമാറി വരുന്ന ഫാഷൻ സങ്കൽപ്പങ്ങളുടെ സംഗമസ്ഥലമായിരുന്നു ഫാറൂഖ് കോളേജ്. അക്കാലത്തും പെൺകുട്ടികൾ ജീൻസും ടോപ്പുമണിഞ്ഞ് വരുമായിരുന്നു.

ആൺ-പെൺ സൗഹൃദം ഇന്നത്തേതിൽനിന്നു വ്യത്യസ്തമായിരുന്നു. വ്യക്തികളെക്കാളുപരി സംഘത്തിനായിരുന്നു പ്രാധാന്യം. പെൺകുട്ടികളും ആൺകുട്ടികളും ഉൾപ്പെട്ടസംഘങ്ങൾ. ഈ സൗഹൃദ സംഘങ്ങളിൽ സജീവമായ രാഷ്ട്രീയ-സാഹിത്യ ചർച്ചകൾ സാധ്യമായിരുന്നു. ഇടയ്ക്കെപ്പോഴോ ഈ സംഘങ്ങളിൽ വിള്ളൽ വീണപ്പോഴാകാം ക്യാംപസിൽ നീയെന്ന വേർതിരിവും ഞാനെന്ന സ്ഥാപിത താൽപ്പര്യവും രൂപപ്പെട്ടത്.

ഇന്ന് മലയാളി അല്ലെങ്കിൽ മലയാളിത്തത്തെ അടയാളപ്പെടുത്താൻ ഒന്നുമില്ലാതായിരിക്കുന്നു. മലയാളിത്തം അപ്രത്യക്ഷമാകുന്നതിലൂടെ മലയാളി സ്ത്രീത്വത്തിന്റെ മുഖച്ഛായയ്ക്കു മാറ്റം വന്നു. മലയാളി സ്ത്രീത്വമെന്നത് വെറുമൊരു സങ്കൽപ്പം മാത്രമാണ്. കേരളീയ സ്ത്രീകളിൽ 75 ശതമാനവും അച്ഛന്റെ, ഭർത്താവിന്റെ, മകന്റെ കീഴിൽ ഒതുങ്ങുന്നു.

ഒരു ഉത്തരവാദിത്തവും ഏറ്റെടുക്കാതെ, തടവറയിലെന്നവണ്ണം അവർ ജീവിക്കുന്നു. ഈ തടവറയിൽ അവർ സംതൃപ്തരാണെന്നതു സത്യം. തടവിലാകുമ്പോൾ എല്ലാം കാവൽക്കാർ നോക്കിക്കൊള്ളുമെന്ന ഭാവം. അവരവർക്കു വേണ്ടി അവരവർതന്നെ പോരാടിയാലേ ലക്ഷ്യങ്ങൾ പൂർത്തീകരിക്കൂ. സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന ന്യൂനപക്ഷം ഫെമിനസ്റ്റുകളെന്ന പേരിൽ പാർശ്വവൽക്കരിക്കപ്പെട്ടു. എല്ലാ സ്ത്രീകളും ഇതിനെക്കുറിച്ച് ബോധവതികളായിരുന്നുവെങ്കിൽ അവകാശങ്ങൾക്കുവേണ്ടി അവർക്ക് ഇത്രയും സഹിക്കേണ്ടി വരില്ലായിരുന്നു. തടവറയുടെ സംതൃപ്തിയെക്കാൾ കൈവരേണ്ടത് സ്വന്തം സ്വത്വമാണെന്ന് തിരിച്ചറിയണം. കുടുംബം സ്ത്രീയോടു പുലർത്തുന്ന കാഴ്ചപ്പാടെന്താണോ അതാണ് ആൺകുട്ടികളിൽ സ്ത്രീ സങ്കൽപ്പം രൂപപ്പെടുത്തുന്നത്. സ്ത്രീ-പുരുഷ വിവേചനമില്ലാതെ എല്ലാ കാര്യങ്ങളിലും എല്ലാവർക്കും തുല്യപങ്കാളിത്തമുള്ള ഒരു കുടുംബപശ്ചാത്തലത്തിൽനിന്നു വേണം വളർന്നു വരാൻ.


ശ്രാവ്യ മാധ്യമങ്ങൾ സ്ത്രീത്വത്തെ ശബ്ദങ്ങളിലൂടെ അടയാളപ്പെടുത്തുന്നുണ്ട്. മുമ്പത്തേക്കാളുപരി ഇന്ന് ശബ്ദങ്ങളുടെ ലോകത്തേക്ക് ഒരുപാട് പെൺകുട്ടികൾ കടന്നു വരുന്നുണ്ട്. പുരുഷന്മാരെപോലെത്തന്നെ ഈ മേഖലയിൽ പെൺകുട്ടികളുടെ പ്രകടനവും അനുദിനം ശ്രദ്ധേയമാവുന്നുണ്ട്.

○

*കെ.എം. നരേന്ദ്രൻ മാധ്യമ പ്രവർത്തകൻ, എഴുത്തുകാരൻ*

**പെൺകുട്ടികൾ അന്തംവിട്ട് ഉറങ്ങാൻ പാടില്ല. എവിടെ ഒരില അനങ്ങിയാലും പെൺകുട്ടികൾ അറിയണം. വല്യമ്മായിയും ഒരു പെണ്ണല്ലേ. കല്യാണം കഴിഞ്ഞിട്ടില്ലെങ്കിൽ പോട്ടെ. അങ്ങനെ വെറുതെ നിൽക്കാമെന്ന് വെയ്ക്കാം. ഇതു കല്യാണം കഴിഞ്ഞു. അറിയേണ്ടതൊക്കെ അറിഞ്ഞു. ഏഴാം നാൾ കെട്ടിയവൻ മരിച്ചുപോയ ഒരു പെണ്ണിന്റെ മനോദുഃഖം ആർക്കുമറിയില്ലെങ്കിലും അമ്മയ്ക്കറിയാം. അമ്മയ്ക്കിവിടെ കരച്ചിൽ വരും.**

സാറാ ജോസഫ്
**(ആലാഹയുടെ പെൺമക്കൾ)**







**കൗമുദി ടീച്ചർ**

**ഗാന്ധിജിയുടെ കേരള സന്ദർശനവേളയിൽ സ്വർണാഭരണങ്ങൾ ത്യജിച്ച് രാഷ്ട്രത്തിനു മാതൃക കാണിച്ച നിസ്വാർത്ഥ**


**ടി.കെ. അസീസ്**

ഞങ്ങൾ ഉറങ്ങാതിരുന്നതിനു കാരണം പെൺകുട്ടികൾ
തന്നെയായിരുന്നു. അവരെക്കുറിച്ചുള്ള ചിന്തകൾ.
അവരോടു സംസാരിക്കുന്ന നിമിഷങ്ങൾ. ഓരോരുത്തരുടെയും
മനസ്സിൽ ഓരോ പെൺകുട്ടി.
പൂർവ്വ വിദ്യാർത്ഥിയുടെ ഇന്നലെ.

സ്ത്രീത | വി. ദിലീപ്

ഗതകാലവട്ടം

# കാറ്റേറ്റു പൊന്തിയ തട്ടങ്ങൾ



ലുഖ്മാനുൽ

ശിരോവസ്ത്രം മെല്ലെ തെന്നി മാറുമ്പോൾ അനുരാഗം തോന്നിപ്പോകും. ഒരു ഞൊടിക്കുള്ളിൽ ആ നല്ല കാഴ്ച മറയുകയും ചെയ്യും. പിന്നെ ഓർമ്മകളിൽ റീപ്ലേ. ആസാദ് ഹോസ്റ്റലിലെ മുറിയിൽ കിടന്ന് ഓർത്തോർത്ത് കൊതിച്ചിട്ടുണ്ട്. അതുകൊണ്ടൊക്കെയാണോ കോഴ്സ് കഴിഞ്ഞ് ക്യാംപസ് വിട്ടതിനു ശേഷവും ഫാറൂഖ് കോളേജ് എന്നു കേൾക്കുമ്പോൾ കോരിത്തരിപ്പുണ്ടാകുന്നത്. ഒരു മുസ്ലിം പെൺകുട്ടിയോടു തോന്നുന്ന പോലത്തെ ഇഷ്ടം കോളേജിനോടും തോന്നുന്നത്. ഒരു ഒന്നാം വർഷ ഡിഗ്രിക്കാരനെ മുന്നേ നടത്തുന്നത് അനുരാഗം തന്നെയാണെന്ന് ഇന്നു ഞാനറിയുന്നു. പ്രേമപൂർവ്വമാണ് ഞാൻ കോളേജിന്റെ അഡ്മിഷൻ രജിസ്റ്ററിൽ ഒപ്പിട്ടത്. ഐഡന്റിറ്റി കാർഡ് കൈപ്പറ്റിയത്.



അന്ന് ഇളംപച്ച പെയിന്റായിരുന്നു മെയിൻ ബ്ലോക്കിന്. അതിനു വല്ലാത്തൊരു ചന്തമുണ്ടായിരുന്നു. നാട്ടുകാരനായ സുഹൃത്ത് ഹാരിസുമുണ്ട് അന്നു കൂടെ. ഞങ്ങളൊന്നിച്ച് ക്യാംപസിന്റെ ഏതൊക്കെയോ മൂലകളിൽ ജീവിതത്തെക്കുറിച്ച് ഒരുപാടൊരുപാട് കാര്യങ്ങൾ പിച്ചും പേയും പറഞ്ഞിട്ടുണ്ട്. മുസ്ലിം ജീവിതസംസ്കാരത്തെ കുറിച്ച് അറിഞ്ഞത് അവിടെവെച്ചാണ്.



കുറിയേടത്ത് താത്രി

പുരുഷ മേധാവിത്ത സമൂഹം പുലർത്തുന്ന കപട സദാചാരബോധത്തെ
സധൈര്യം ചോദ്യം ചെയ്ത ഔന്നത്യവ്യക്തി

പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ

പ്രേമിക്കാൻ സന്നദ്ധനായി നിൽക്കുന്ന ഒരു ടീനേജുകാരന്റെ മുന്നിൽ ഫാറൂഖ് കോളേജ് അവതരിപ്പിച്ച കാഴ്ച മറ്റൊന്നല്ല. ഉഴുതുമറിച്ച ഹൃദയവുമായി ഞാൻ ഉഴറി നടന്നു. കോളേജ് ഇടനാഴികൾ അവസാനിക്കുന്നിടത്ത് എനിക്കായൊരാൾ കാത്തുനിൽക്കുമോയെന്ന ആഗ്രഹവും ചേർന്ന അക്കാലം. സെക്കൻഡ് ലാംഗ്വേജ് ബ്ലോക്കിൽ വിവിധ ബാച്ചുകളിൽനിന്ന് പെൺകുട്ടികൾ നടന്നെത്തുമ്പോൾ ചാഞ്ഞും ചെരിഞ്ഞും അവരിലേക്കു പെയ്യുന്ന മഴ. കുസൃതിക്കാറ്റ്....

എല്ലാ ബോയ്സ് ഹോസ്റ്റലിലുമെന്ന പോലെ ആസാദിലും തീർത്താലും തീരാത്ത അന്വേഷണങ്ങളുമായി ഞങ്ങൾ ഉറങ്ങാതിരുന്നതിനു കാരണം പെൺകുട്ടികൾ തന്നെയായിരുന്നു. അവരെക്കുറിച്ചുള്ള ചിന്തകൾ. അവരോടു സംസാരിക്കുന്ന നിമിഷങ്ങൾ. ഓരോരുത്തരുടെയും മനസ്സിൽ ഓരോ പെൺകുട്ടി.

ഫാറൂഖ് കോളേജിലെ പെൺകുട്ടികൾക്കു തോന്നിയ പ്രത്യേകത, കുറെയൊക്കെ യാഥാസ്ഥിതിക ചിന്താഗതിക്കാരാണവർ എന്ന ചിന്തയിൽ നമ്മൾ സംസാരിച്ചാൽ എല്ലാം പൊളിച്ചടുക്കിത്തരും. ''മുസ്‌ലിം പെൺകുട്ടി എന്ന നിലയിൽ നിങ്ങൾക്ക് എന്തെങ്കിലും പരിമിതികൾ തോന്നിയിട്ടുണ്ടോ?''ഒരിക്കലൊരു കൊച്ചുവർത്തമാനമായി സുഹൃത്ത് പി.വി. മുഹമ്മദ് കോയ മഞ്ചേരിക്കാരിയായ അന്നയോടു ചോദിച്ചു. കോയയുടെ ചെവി പിടിച്ചു തിരുമ്മി അന്ന പറഞ്ഞു. ''ഒരു മുസ്‌ലിം ആൺകുട്ടി എന്ന നിലയിൽ നിനക്ക് സുഖം തോന്നുന്നുണ്ടോ?'' അവിടെ തീർന്നു കോയ.

പെൺകുട്ടിയെന്നത് നമുക്കന്യമായ ഒരു ജീവിവർഗത്തിലെ അംഗമല്ലെന്ന് ഇത്തരം അനുഭവങ്ങളിലൂടെ മനസ്സിലുറച്ചത് ഫാറൂഖിൽനിന്നാണ്. ആദ്യം പ്രണയിച്ചതും ചെറുതായി ഊതുമ്പോൾ വേദന നൽകുന്ന മുറിവായി പ്രണയം അടർന്നുമാറിയതും അവിടെവെച്ച്. ഇന്നും കൂടെയുള്ള സൗഹൃദക്കൂട്ടായ്മയിലെ പെൺപങ്കാളിത്തതിന്റെ സിംഹഭാഗം തന്നതും അവിടെനിന്നു തന്നെ. കഴിഞ്ഞ വർഷം തിരൂർ തുഞ്ചൻ പറമ്പിൽ ചെറുകഥാ ചർച്ചയിൽ പങ്കെടുത്ത് ഞാനിരിക്കവെ, എവിടെനിന്നോ കൈമറിഞ്ഞ് എന്റെ കയ്യിലെത്തിയ കടലാസു തുണ്ടിലെ വരികൾ.... അതിനൊപ്പം ഷെറീന മുന്നിൽ പ്രത്യക്ഷയായി. അന്നു ഞങ്ങൾക്കൊപ്പമുണ്ടായിരുന്നവൾ. മകനുമുണ്ട് ഒപ്പം. ഒരു അൺ എയ്ഡഡ് കോളേജിൽ ടീച്ചർ.

**ഇനിയുമൊരു മഴക്കാലത്ത് ഏറെയൊന്നും കാൽപ്പനികനല്ലാതെ ഫാറൂഖിൽ എത്തണമെന്ന് എനിക്കാശ യുണ്ട്. എന്നിട്ട് മെല്ലെമെല്ലെ.**

തിരക്കൊഴിഞ്ഞപ്പോൾ ഞങ്ങൾ സംസാരിച്ചു. ഇപ്പോൾ ഹാരിസിനെ കാണാറുണ്ടോ? ഷെറീന ചോദിച്ചു. ഹാരിസിനെ ഷെറീന പ്രണയിച്ചിരുന്ന കാര്യം അവളിൽനിന്ന് ഞാനറിയുന്നു.!. എന്നാൽ തികച്ചും സ്വാഭാവികമായി സംസാരിക്കുകയാണ് ഷെറീന. ഞാൻ തുറന്നു ചോദിച്ചു.

''അന്നു നിനക്ക് എന്തു പറ്റി?..''

''അന്നു നമ്മളൊക്കെ ഏതൊക്കെയോ വിചാരഗതികളിൽപെട്ട് കഴിയുന്ന കാലമല്ലേ. ജീവിതം അടുത്തറിയുമ്പോഴല്ലേ ധൈര്യം കൂടിക്കൂടി വരിക. പ്രത്യേകിച്ച് ഞങ്ങൾ പെൺകുട്ടികൾക്ക്. അങ്ങനെ ഇപ്പോഴെനിക്ക് നല്ല ധൈര്യമായി.'' ഷെറീന ചിരിച്ചു, കണ്ണുചിമ്മലിലൂടെ. ഇങ്ങനെയും പെൺകുട്ടികൾ... ഹാരിസിനോട് എനിക്ക് അസൂയ തോന്നി.

ഇനിയുമൊരു മഴക്കാലത്ത് ഏറെയൊന്നും കാൽപ്പനികനല്ലാതെ ഫാറൂഖിൽ എത്തണമെന്ന് എനിക്കാശയുണ്ട്. എന്നിട്ട് മെല്ലെമെല്ലെ... കോളേജിന്റെ ഏതോ ഇടങ്ങളിൽ, ഇതുപോലെ ഞാനുമുപേക്ഷിച്ച കാര്യങ്ങൾ തിരിച്ചു പിടിക്കണമെന്നും... കാൽപ്പനികവും അകാൽപ്പനികവുമായ കാഴ്ചകൾ നനഞ്ഞ ശിരോവസ്ത്രങ്ങൾക്കൊപ്പം തെന്നിമാറുമായിരിക്കും.



o

*വി. ദിലീപ് അധ്യാപകൻ, എഴുത്തുകാരൻ.*





## കൗമുദി ടീച്ചർ

**ഇതുപോലൊരു മഹനീയ സ്ത്രീത്വം കേരളത്തിലുണ്ടായിട്ടില്ല, ഉണ്ടാകുമെന്നു തോന്നുന്നുമില്ല**

**അനീസ് ബഷീർ**

ഡിഷ് കണക്ഷനോടു കൂടിയ ടെലിവിഷനും ഇന്റർനെറ്റുള്ള മൊബൈലും ക്യാംപസിലെ ബന്ധങ്ങൾക്കു പുതിയ വ്യാഖ്യാനം നൽകി. പുതിയ തലമുറയോടു സംസാരിക്കുമ്പോൾ അവരുടെ ക്യാൻവാസിലുള്ള ചിത്രം മനസ്സിലാക്കാൻ കഴിയുന്നില്ല. ഒരു പൂർവ്വ വിദ്യാർത്ഥിയുടെ വിചാരങ്ങൾ.

സ്ത്രീത | നജീബ് കാന്തപുരം

ഗതകാലവട്ടം

# നന്മ നിറഞ്ഞ സ്ത്രീത്വം



നാസിർ

രാഷ്ട്രീയവും പ്രസംഗവുമായി ആഘോഷത്തിന്റെ ക്യാംപസ് കാലം. അന്ന് 1992. ഇന്ന് 2010. പതിനെട്ടു വർഷം കൊണ്ടു മാറിമറിഞ്ഞതു കേരളത്തോടൊപ്പം ക്യാംപസുമായിരുന്നു. ആഗോളവൽക്കരണത്തോടെ തലമുറകൾ തമ്മിലുള്ള വിടവ് ക്രമാതീതമായി വർധിച്ചു. ഇതിന്റെ മാറ്റം ഇപ്പോഴത്തെ ക്യാംപസിൽ പ്രകടം. ഇന്നത്തെ തലമുറയുടെ മാനസികാവസ്ഥ മനസ്സിലാക്കാൻ ഞങ്ങളുടെ തലമുറക്കു പോലും കഴിയാത്തവിധം അകലമായി. ഡിഷ് കണക്ഷനോടു കൂടിയ ടെലിവിഷനും ഇന്റർനെറ്റുള്ള മൊബൈലും ക്യാംപസിലെ ബന്ധങ്ങൾക്കു പുതിയ വ്യാഖ്യാനങ്ങൾ നൽകി. ഇന്ന് സ്ത്രീത്വത്തെക്കുറിച്ചും മറ്റും പുതിയ തലമുറയോടു സംസാരിക്കുമ്പോൾ അവരുടെ ക്യാൻവാസിലുള്ള ചിത്രം മനസ്സിലാക്കാൻ രക്ഷിതാക്കൾക്കോ അധ്യാപകർക്കോ കഴിയുന്നില്ല.

അക്കാലത്തെ പ്രണയസങ്കൽപ്പവും സൗഹൃദവുമെല്ലാം കഴമ്പുള്ളതായിരുന്നു. ഇന്നത്തെ ക്യാംപസിൽ പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും അർത്ഥതലം മാറിയിരിക്കുന്നു. പുതിയ തലമുറ ബന്ധങ്ങൾക്കു വില കൽപ്പിച്ചിരിക്കുന്നത് അങ്ങനെയാണ്. ഇന്നത്തെ തലമുറ ഒന്നിനും കൊള്ളാത്തവരാണെന്നോ മോശമാണെന്നോ ഇതിനർത്ഥമില്ല. കാലം കടന്നു പോകുമ്പോഴുള്ള സ്വഭാവികമായ മാറ്റമായിരിക്കാം ഇത്.



ഹലീമ ബീവി

മുസ്‌ലിം സ്ത്രീകളെ പത്രപാരായണത്തിലേക്ക് ആകർഷിച്ച ആദ്യകാല മുസ്‌ലിം പത്രാധിപ

കെ.പി. കുഞ്ഞിമൂസ

പഴയ ക്യാംപസിനു കുറച്ചുകൂടി വിശ്വാസ്യത ഉണ്ടായിരുന്നു. ആ വിശ്വാസ്യത ഇന്നത്തെ ക്യാംപസിനുണ്ടോ? ചിലപ്പോൾ ഞാനടങ്ങുന്ന തലമുറ നിങ്ങളെ വായിച്ചെടുക്കുന്നതിന്റെ തകരാറാകാം. നിങ്ങളുടെ സൗഹൃദത്തിനും സ്നേഹത്തിനും ആത്മാർത്ഥത ഉണ്ടോ? ചിന്തിക്കേണ്ടത് നിങ്ങൾ തന്നെയാണ്.

ഉപയോഗിച്ചു വലിച്ചെറിയുന്ന സംസ്കാരത്തിന്റെ പ്രതിഫലനം ഇന്നു ക്യാംപസിൽ പ്രകടമാണ്. പ്രയോജനപ്പെടുത്തുക, വലിച്ചെറിയുക എന്ന കാഴ്ചപ്പാടിലൂടെ ബന്ധങ്ങളെയും കാണുന്നു. നൽകുന്നതിനെപ്പറ്റി അധികമൊന്നും ആലോചിക്കാതെ എടുക്കുന്നതിനെപ്പറ്റി മാത്രമാണ് ഭൂരിഭാഗവും ചിന്തിക്കുന്നത്. ആഗോളവൽക്കരണം സമൂഹത്തെയും ക്യാംപസിനെയും ഒന്നടങ്കം മാറ്റിമറിച്ചു. നവകോളനീകരണം ഇറക്കുമതി ചെയ്ത പുതിയ മാധ്യമസംസ്കാരവും ജീവിതരീതിയും ക്യാംപസിനെ വല്ലാതെ സ്വാധീനിച്ചു. ഒരു നിമിഷം മനസ്സിനെ ഉദ്ദീപിപ്പിക്കുന്നതെന്തോ അതാണിന്ന് മാധ്യമങ്ങളിലൂടെ യുവതലമുറയ്ക്കു ലഭിച്ചുകൊണ്ടിരിക്കുന്നത്.

അന്നു ക്യാംപസിൽ എഴുത്തും വായനയും പെൺകുട്ടികൾക്കിടയിൽ സജീവമായിരുന്നു. അത്ര ശക്തമായ ചടുലത ഇന്ന് അനുഭവപ്പെടുന്നില്ല. ഓർക്കൂട്ടിലും ടിറ്ററിലും ഫേസ് ബുക്കിലും സജീവമായതുകൊണ്ടാവാം ഇത്. അന്നു വായനയായിരുന്നു അറിവിന്റെയും സൗഹൃദത്തിന്റെയും സങ്കേതം. കൂടുതൽ കുട്ടികൾ അന്ന് ലൈബ്രറി ഉപയോഗപ്പെടുത്തിയിരുന്നു. താരതമ്യം നടത്തുമ്പോൾ ബോധ്യമാകുന്ന ഏറ്റവും വലിയ യാഥാർത്ഥ്യം ഇന്നു ക്യാംപസിനു സാമൂഹികബോധം നഷ്ടമായിക്കൊണ്ടിരിക്കുന്നുവെന്നതാണ്. സാമൂഹികവും രാഷ്ട്രീയവുമായ ബോധം കൂടുതൽ ഉണ്ടായിരിക്കേണ്ടത് പെൺകുട്ടികളിലാണ്. കാരണം തലമുറകളെ വാർത്തെടുക്കുന്നത് അവരാണ്.

അന്നു കണ്ട സ്ത്രീത്വത്തിനും സൗഹൃദത്തിനും പൊതുവായ നന്മ ഉണ്ടായിരുന്നു. ഇതുപറയുമ്പോൾ ഇന്നത്തെ സ്ത്രീത്വത്തെ അപമാനിക്കുകയല്ല. മാറ്റം തിരിച്ചറിയപ്പെടണം.

സ്ത്രീ ശാക്തീകരണ പ്രക്രിയയിൽ പ്രാധാന്യം നൽകേണ്ടത് സ്ത്രീ വിദ്യാഭ്യാസത്തിനാണ്. അജ്ഞരായ സ്ത്രീകളാണ് പലപ്പോഴും ചൂഷണങ്ങൾക്കിരയാകുന്നത്. പുതിയ കാലത്തിനനുസൃതമായി സ്ത്രീകൾ പുറംലോകത്തെ അറിയുകയും സമൂഹത്തെ തിരിച്ചറിയുകയും വേണം. ശാരീരികമായും മാനസികമായും സ്ത്രീ എപ്പോഴും സ്ത്രീ തന്നെയാണ്. സ്ത്രീ പുരുഷനായല്ല, സ്ത്രീയായിത്തന്നെയാണ് പ്രവർത്തിക്കേണ്ടത്. സ്ത്രീ പുരുഷനെ അനുകരിച്ചുകൊണ്ടല്ല, സ്ത്രീത്വത്തിൽ ഉറച്ചുനിന്നായിരിക്കണം പ്രവർത്തിക്കേണ്ടത്.

○

*നജീബ് കാന്തപുരം*
*മാധ്യമപ്രവർത്തകൻ.*

**പഴയ നാലുകെട്ടിന്റെ വടക്കേപ്പുറത്തൊരു മുറിയിലാണ് അവളെ പെറ്റത്. നാലുകെട്ടിൽതന്നെ വളർന്നു. പത്തായപ്പുരയുടെ താഴത്തെ മുറിയിൽ ഇരുത്തി എഴുത്തശ്ശൻ മറ്റു കുട്ടികൾക്കൊപ്പം എഴുതിച്ചു. മേലെ കളമുറ്റത്തെ പുളിമാവിന്റെ ചുവട്ടിൽ നിന്നു നോക്കിയാൽ കാണുന്ന സ്ഥലമായിരുന്നു ലോകം. അതിനപ്പുറം കണ്ടിട്ടില്ല. വേനൽക്കാലമായാൽ കുളത്തിലെ വെള്ളം ചേറു തൊടും. അപ്പോൾ പുഴയിൽ പോയി കുളിക്കാൻ സമ്മതമുണ്ട്. തനിയെ പോകാറില്ല. ചെറിയേടത്തിയും വലിയേടത്തിയും കൂടെയുണ്ടാകും. ഒച്ചയുണ്ടാക്കാതെ ഒതുക്കുകളിറങ്ങണം. പടി കടന്നു മൂന്നു കണ്ടം കടന്നാൽ നിരത്താണ്. നിരത്ത് പുഴയുടെ വക്കിലാണ്. അവിടെ ഇറങ്ങാൻ ഒതുക്ക് വെട്ടിയിട്ടുണ്ട്. വടക്കേപ്പാട്ടെ പെണ്ണുങ്ങൾ കുളിക്കാൻ വരാറായാൽ ആ കടവിൽനിന്ന് ആളൊഴിഞ്ഞു കൊടുക്കും. കുളി കഴിഞ്ഞ് ഉമ്മറത്തൂടെ തന്നെ വേണം അകത്തേക്കു വരാൻ.**

**എം.ടി. വാസുദേവൻ നായർ**
**(നാലുകെട്ട്)**







**സലീന പ്രക്കാനം**

**പിന്നോക്ക ജനതയുടെ അവകാശത്തിനായുള്ള പോരാട്ടത്തിൽ ചെങ്ങറ സമരത്തിന്റെ നേതൃത്വത്തിൽ നിലകൊണ്ട ധീരവനിത**

**ഡോ. പാലക്കൽ ആന്റണി**

ഫാറൂഖ് കോളേജിലുണ്ടായിരുന്ന ചുരുങ്ങിയ കാലത്ത് ഈ ഇഷ്ടത്തോടെ തന്നെയാണ് ഞാനവരെ കണ്ടത്. പക്ഷേ, അന്ന് ഇന്നത്തെ പോലെ അടുത്തിടപഴകാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഉണ്ടായാലും എനിക്കതിനു പറ്റും എന്നു തോന്നുന്നില്ല.

സ്ത്രീത | അക്ബർ കക്കട്ടിൽ

ഗതകാലവട്ടം

# പെൺകുട്ടികൾ ദൈവസമ്മാനം



ജാബിർ



പെൺകുട്ടികളെ എനിക്കു വലിയ ഇഷ്ടമാണ്(അതുകൊണ്ടാവാം ദൈവം എനിക്കു രണ്ടു പെൺകുട്ടികളെത്തന്നെ തന്നത്). ഫാറൂഖ് കോളേജിലുണ്ടായിരുന്ന ചുരുങ്ങിയ കാലത്ത് ഈ ഇഷ്ടത്തോടെ തന്നെയാണ് ഞാനവരെ കണ്ടത്. പക്ഷേ, അന്ന് ഇന്നത്തെ പോലെ അടുത്തിടപഴകാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഉണ്ടായാലും എനിക്കതിനു പറ്റും എന്നു തോന്നുന്നില്ല. ഒരു കൂട്ടം പെൺകുട്ടികൾ ഇന്നും ഒന്നിച്ചു വന്നാൽ ഞാനാകെ ചൂളിപ്പോകും. നാണം വരും. അതു പുറത്തു കാണിക്കാതെ പിടിച്ചു നിൽക്കുന്നതാണ് എന്റെ വിജയം.

ഇന്നും ഇങ്ങോട്ടിടപെടുന്ന പെൺകുട്ടികളുമായി മാത്രമെ ഞാനങ്ങോട്ടും ഇടപെടാറുള്ളൂ. എന്തുകൊണ്ടാണിങ്ങനെ എന്ന് എനിക്ക് അറിഞ്ഞുകൂടാ. പിന്നെ, ചില പെൺകുട്ടികളെ ഞാൻ നിശബ്ദമായി ആരാധിച്ചിട്ടുണ്ട്. (അതുകൊണ്ട് ആർക്കും കുഴപ്പമില്ലല്ലോ). ഫാറൂഖിൽ അന്ന് ക്ളാസിൽ ഒരു രേവതി(പേരതല്ല) ഉണ്ടായിരുന്നു. സുന്ദരിയും ശാലീനയുമായിരുന്നു. രേവതിയെ ഞാൻ ഇന്നും ആരാധിക്കുന്നു. (മുതിർന്നപ്പോൾ എനിക്കു മനസ്സിലായി- ഞാൻ മാത്രമല്ല, സഹപാഠികളിൽ പലരും അവളെ മൗനമായി പ്രേമിച്ചിരുന്നുവെന്ന്). രേവതി ഇന്നെവിടയാണാവോ.



കമല സുരയ്യ

ഇംഗ്ലീഷിലും മലയാളത്തിലും ഇത്രമാത്രം ആസ്വാദനഭംഗിയോടെ എഴുതിയ മറ്റൊരു എഴുത്തുകാരി ഇല്ല

ഡോ. പി.സി. അൻവർ



പെൺകുട്ടികൾ എന്നെ എങ്ങനെ വിലയിരുത്തുന്നു എന്നറിഞ്ഞുകൂടാ. ഞാനുമായി എഴുത്തുകുത്തിലൂടെയും ഫോണിലൂടെയും ബന്ധമുള്ള പെൺകുട്ടികൾ നേരിട്ടു കണ്ട ശേഷം എഴുതുകയും വിളിക്കുകയുമൊക്കെ ചെയ്യുമ്പോൾ പറയും- ആൾ വളരെ സീരിയസ്സാണല്ലോ. കഥയിലും പ്രസംഗത്തിലുമൊന്നുമുള്ള കളിതമാശയില്ലല്ലോ എന്ന്. എന്തു ചെയ്യാം? എന്റെ ഒരു ഇതേ.... ഫാറൂഖിലെ ഒരു പെൺകുട്ടിയും എന്നെ വിലയിരുത്തിയ ഒരു റിപ്പോർട്ടും ഇതുവരെ കിട്ടിയിട്ടില്ല.

ഞാൻ പറഞ്ഞല്ലോ, എന്നോടിങ്ങോട്ടിടപെടുന്ന പെൺകുട്ടികളുമായേ ഞാൻ അങ്ങോട്ടിടപെട്ടിട്ടുള്ളൂ എന്ന്. അങ്ങനെയുള്ള പല പെൺകുട്ടികളുമായും എനിക്കു നല്ല സൗഹൃദമുണ്ട്. അവർ വ്യക്തിപരമായ പല കാര്യങ്ങളും എന്നോടു സംസാരിക്കും. സ്വകാര്യദുഖങ്ങൾ പങ്കുവയ്ക്കും. ഉപദേശങ്ങൾ തേടും. ഇവരിൽ ചിലർക്ക് എന്റെ കാര്യങ്ങളും അറിയാം. അവരതിലൊക്കെ വ്യക്തിപരമായ താൽപ്പര്യമെടുക്കും.

പക്ഷേ, ഒരു സങ്കടമുണ്ട്. ഫാറൂഖിലുണ്ടായിരുന്ന ഒരു പെൺകുട്ടിയും ഇതുവരെ എന്നെ തിരിഞ്ഞുനോക്കിയിട്ടില്ല. (ഇല്ലേ എന്നു ചേദിച്ചാൽ ഉണ്ട്. അതെന്റെ അവിടെ പഠിച്ച മകളുടെ സഹപാഠികളും റൂംമെയിറ്റ്സുമാണ്.). പിന്നെ, ഞാൻ ഫാറൂഖിൽ കുറച്ചല്ലേ ഉണ്ടായിട്ടുള്ളൂ. പ്രീ ഡിഗ്രിയുടെ ഒന്നാം വർഷത്തിന്റെ പകുതി. ആ പീരിയഡിൽ ആർക്കും എന്നോട് ഇംപ്രഷൻ തോന്നിയിട്ടുണ്ടാവില്ല. സൗഹൃദമൊന്നുമുണ്ടാക്കാൻ സമയവുമില്ലായിരുന്നു.

എന്റെ ചെറുപ്പത്തിൽ പെൺകുട്ടികളിൽ ഭൂരിപക്ഷവും ഒരു ചെറുപ്പക്കാരനായാണ് എന്നെ കണ്ടത്. മാഷാണെന്നു അവരെ ബോധ്യപ്പെടുത്താൻ നന്നായി പഠിപ്പിക്കേണ്ടിവന്നു. ഞാൻ മുതിർന്നപ്പോഴാണ് മാഷ് എന്ന പരിഗണന കിട്ടുന്നത്. രണ്ടു ഘട്ടത്തിലും ഒരുപാട് സ്നേഹം കിട്ടിയിട്ടുണ്ട്, തിരിച്ചുകൊടുത്തിട്ടുണ്ട്. പെൺകുട്ടികൾ വളരെ സ്നേഹസമ്പന്നരാണ്. ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടെ ചെയ്യും. ബഹുമാനിക്കാനുമറിയാം. അധ്യാപനത്തിന്റെ തുടക്കത്തിൽ

**പെൺകുട്ടികൾക്കൊക്കെ തടവു വിധിച്ചത് ആരാണ്? അവൾ ഒന്നും കാണരുത്... മറഞ്ഞുനിന്നുപോലും അന്യനായ ആണിനോടു മാത്രമല്ല, അന്യയായ പെണ്ണിനോടും സംസാരിക്കരുത്. പെണ്ണിനെയും കാണരുതെന്ന്. പെണ്ണിന്റെയും കണ്ണിൽ പെടരുത്. പിടികിട്ടുന്നില്ല. ആരാണ് ഇങ്ങനെയൊക്കെ വിധിച്ചത്? അവൾ സുറുമയിടരുത്. തലയിൽ പൂവെണ്ണ തേക്കരുത്. അത്തർ പൂശരുത്. സെന്റ് പുരട്ടരുത്. പാങ്ങില്ല(പാടില്ല). ആരൊക്കെയോ കവിൾ വീർപ്പിച്ചലറുന്നു. മാളികയിൽനിന്നു പുറത്തേക്കു നോക്കി. കാറ്റും വെളിച്ചവും ഏറ്റു നിൽക്കാമെന്നു ചിലപ്പോൾ വിചാരിക്കും. അപ്പോൾ കാരണോന്മാരോ മുതിർന്ന പെണ്ണുങ്ങളോ കണ്ടാൽ പറയും. "പെങ്കുട്ട്യോള് മാളിയേമ്മൽ പാർക്കാനും എയ്ത്ത് പഠിക്കാനും പാങ്ങില്ല." ശറഹിന്റെ ഹുക്ക്മാണത്(മതത്തിന്റെ വിധി). സബൂറ് പെണ്ണിന് പറഞ്ഞതാണ്. എല്ലാം സഹിക്കണം.**

**പി.എ. മുഹമ്മദ് കോയ**
**(സുൽത്താൻ വീട്)**

പെൺകുട്ടികൾ സ്നേഹം പ്രകടിപ്പിക്കാനറിയാത്തവരായിരുന്നു. വഴിയിൽ കണ്ടാൽ മാറിനിൽക്കും. ചിലപ്പോൾ കണ്ട ഭാവം നടിക്കില്ല. ദേഷ്യം വരും നമുക്ക്. നാട്ടിൻപുറത്തിന്റെ പ്രത്യേകത കൂടിയാവാം ഇത്. പിന്നീടിതൊക്കെ മാറി. ഇപ്പോൾ എവിടെ കണ്ടാലും ഓടിവരും. വിശേഷങ്ങൾ പറയും. നമ്മുടെ വിശേഷങ്ങൾ തിരക്കും. ഞാനെന്നും പെൺകുട്ടികളുമായി വളരെ ഫ്രണ്ട്‌ലി ആയിരുന്നു. എനിക്ക് പഠിപ്പിക്കാനും അവർക്ക് പഠിക്കാനും അതു പ്രയോജനപ്പെടുകയാണ് ചെയ്തത് എന്നാണനുഭവം.

*അക്ബർ കക്കട്ടിൽ അധ്യാപകൻ, എഴുത്തുകാരൻ*







**ഥാബിയ ടീച്ചർ**

**തന്റെ വികലാംഗതയെ മറന്ന്, സാക്ഷരതാ പ്രവർത്തനത്തിലും സ്ത്രീസംഘാടനത്തിലും മികവു തെളിയിച്ചു**


**മുനവർ അലി തങ്ങൾ**

അന്ന് ആൺകുട്ടികളുടെ ഗ്രൂപ്പും പെൺകുട്ടികളുടെ ഗ്രൂപ്പും ക്യാംപസിലും ക്ലാസിലും വേർതിരിഞ്ഞു കാണാമായിരുന്നു. ഒഴിവു സമയങ്ങളിൽ പെൺകുട്ടികൾ അവരുടെ വഴിക്കും ആൺകുട്ടികൾ അവരുടെ വഴിക്കും പോകും. ഒരു പൂർവ്വ വിദ്യാർത്ഥിയുടെ സ്മരണ.

സ്ത്രീത | ബലരാമൻ

ഗതകാലവട്ടം

# രാഷ്ട്രീയാവബോധമുള്ള പെൺകുട്ടികളുടെ കാലം



1975. വയനാട്ടിലെ ഗ്രാമീണ പശ്ചാത്തലത്തിൽനിന്നു ഫാറൂഖ് കോളേജിലേക്ക്. സ്ത്രീ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമില്ലാത്ത കാലം. ഗ്രാമപരിസരങ്ങളിൽനിന്ന് ഒരു പെൺകുട്ടി ഉന്നത വിദ്യാഭ്യാസ മേഖലയിലെത്തുന്നത് അചിന്ത്യം. എല്ലാ സ്ത്രീ ജനങ്ങളെയും പത്താം ക്ലാസ് കഴിഞ്ഞാൽ കെട്ടിച്ചുവിടുന്ന അവസ്ഥ. പരിചയത്തിലുള്ള ആരും അന്നു ഫാറൂഖ് കോളേജിൽ പഠിക്കുന്നില്ല. നാട്ടിലുള്ള ഒരു പെൺകുട്ടിയും ഒരു കോളേജിലും പഠിക്കുന്നുണ്ടായിരുന്നില്ല. സ്ത്രീ വംശത്തിന് സമൂഹം ഏൽപ്പിച്ചുകൊടുത്ത കർത്തവ്യം കുട്ടികളെ വളർത്തുന്നതിലും ഭർത്താവിന്റെ പരിചരണത്തിലും ഒതുങ്ങിനിന്നു. അതിനപ്പുറത്തേക്ക് ഒരു ലോകം അവർക്കുണ്ടായിരുന്നില്ല. പെൺകുട്ടി ഡോക്ടറാവുമെന്നോ കലക്ടറാവുമെന്നോ അന്നത്തെ ഗ്രാമസമൂഹം സ്വപ്നം കണ്ടിരുന്നില്ല. ഏറിയാൽ പെൺകുട്ടികൾ അധ്യാപികമാരാകും. പെൺകുട്ടികൾക്ക് മറ്റൊരു തൊഴിൽമേഖല ഗ്രാമീണരുടെ മനസ്സിലുണ്ടായിരുന്നില്ല.



എൺപതുകൾ വരെയുള്ള കാലഘട്ടത്തിൽ ആൺകുട്ടികളിൽ പെൺസങ്കൽപ്പം രൂപപ്പെടുത്തുന്നതിൽ സിനിമ വളരെയേറെ സ്വാധീനം ചെലുത്തി. അച്ചടി പ്രസിദ്ധീകരണങ്ങളെക്കാൾ അക്കാലത്ത് സിനിമ വലിയ പങ്കു വഹിച്ചു. ക്യാംപസിൽ സുഹൃത്തുക്കളായി ആൺകുട്ടികളേ ഉണ്ടായിരുന്നുള്ളൂ.



മയിലമ്മ

കുത്തക കമ്പനിക്കെതിരെ ഒരു സാധാരണ സ്ത്രീ നയിച്ച പോരാട്ടം കേരള ചരിത്രത്തിൽ അവിസ്മരണീയം

അജീബ് കൊമാച്ചി



**ആദിവാസി പെണ്ണങ്ങക്കു ചൊണയുണ്ടായിട്ടു എന്നാ കാണിക്കാനാ. അപ്പനും ആങ്ങളേം കൂടി പിടിച്ചുകൊടുത്താ എറങ്ങിപ്പോണേ. അതു കീഴ്‌വഴക്കമാണ്. അപ്പനെയും ആങ്ങളയെയും എതിർത്താൽ ചവിട്ടിക്കൊല്ലാനും മടിക്കില്ല. ചോദിക്കാനും പറയാനും ആരുമുണ്ടാവില്ല.**

**നാരായൻ**

**(കൊച്ചരേത്തി)**

ക്യാംപസിലെത്തിയപ്പോഴാണ് സമപ്രായക്കാരായ വലിയൊരു പെൺകൂട്ടത്തെ കാണാനായത്. അന്ന് ആൺകുട്ടികളുടെ ഗ്രൂപ്പും പെൺകുട്ടികളുടെ ഗ്രൂപ്പും ക്യാംപസിലും ക്ളാസിലും വേർതിരിഞ്ഞു കാണാമായിരുന്നു. ഒഴിവു സമയങ്ങളിൽ പെൺകുട്ടികൾ അവരുടെ വഴിക്കും ആൺകുട്ടികൾ അവരുടെ വഴിക്കും പോകും. ഇതിനിടയിൽ പെൺകുട്ടികളോടു സൗഹൃദം പുലർത്തുക എന്നത് ഏറെക്കുറെ അസാധ്യമായിരുന്നു.അല്ലെങ്കിൽ മോശപ്പെട്ട കാര്യമായിരുന്നു.

ആരെങ്കിലും അതിനു മുതിർന്നാൽ അവനു ബോറനെന്നോ പെൺകോന്തനെന്നോ പേരു വീഴും. അന്ന് ഇതു വളരെ മോശപ്പെട്ട ബ്രാൻഡിംഗ് ആയിരുന്നു. ക്ളാസിൽ ഒപ്പം പഠിക്കുന്ന പെൺകുട്ടികളെ അറിയാം. വഴിയിൽ കണ്ടാൽ ചിരിക്കും. അതിലപ്പുറം ബന്ധം അധികം പേർക്കും ഉണ്ടായിരുന്നില്ല. എന്നാൽ അന്നത്തെ പെൺകുട്ടികളിൽ രാഷ്ട്രീയാവബോധവും പ്രതികരണശേഷിയും കൂടുതലായിരുന്നു. രാഷ്ട്രീയബോധം കത്തി നിൽക്കുന്ന അടിയന്തരാവസ്ഥ കാലമായതിനാൽ എല്ലാവർക്കും നന്നായി രാഷ്ട്രീയബോധം ഉണ്ടായിരുന്നു. അന്നു ക്യാംപസിൽ എല്ലാറ്റിനോടും പ്രതികരിക്കുന്ന വലിയൊരു കൂട്ടം വിദ്യാർത്ഥികളുണ്ടായിരുന്നു. സാഹിത്യവും വായനയും ചർച്ചാവേദിയും സജീവമായിരുന്നു. ഇന്നത്തെ ക്യാംപസിലേക്കു നോക്കുമ്പോൾ എങ്ങനെയെങ്കിലും പാസായി ഇവിടം വിടണമെന്ന ചിന്തയാണു കുട്ടികൾക്കുള്ളത്.

സമൂഹമിപ്പോഴും പെൺകുട്ടികളോട് അനീതി തുടരുന്നു. ഗർഭപാത്രത്തിൽ തുടിക്കുന്ന ജീവൻ പെണ്ണാണെന്നറിയുമ്പോൾ അവിടെവെച്ചുതന്നെ കശാപ്പ് ചെയ്യുന്നു. കുടുംബങ്ങളിൽ പലപ്പോഴും ആൺകുട്ടിക്കു ലഭിക്കുന്ന പരിഗണന പെൺകുട്ടിക്കു ലഭിക്കുന്നില്ല. പെൺകുട്ടിയെ എങ്ങനെയെങ്കിലും കെട്ടിച്ചുവിടുക എന്നതായിരിക്കുന്നു ലക്ഷ്യം. അവർക്കു പ്രത്യാശയോ പ്രതീക്ഷയോ ഇല്ല. സമൂഹമെന്തെന്നു മനസ്സിലാക്കാനുള്ള ത്രാണി പോലും ഇന്നത്തെ പല പെൺകുട്ടികൾക്കുമില്ല.

പത്രപ്രവർത്തന മേഖലയിൽ ധാരാളം പെൺകുട്ടികൾ കടന്നു വരുന്നുണ്ടെങ്കിലും പലപ്പോഴും അവർ തഴയപ്പെടുന്നു. അസമയത്തെ ജോലി സുരക്ഷിതത്വത്തെയും ബാധിക്കുന്നു. മലയാളി സ്ത്രീത്വം പല കമ്യൂണിറ്റികളിലായി അടക്കം ചെയ്യപ്പെട്ടിരിക്കുകയാണ്. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ സാംസ്കാരിക വ്യത്യാസം വളരെ പ്രകടം.

അന്യായവും അനീതിയും അവർക്കുമേൽ പെയ്യുമ്പോഴും മലയാളി സ്ത്രീകൾ പ്രതികരിക്കാൻ തയ്യാറാവില്ല. ആയിരത്തിലൊരുവൾ പ്രതികരിക്കുമ്പോൾ വലിയ വിഭാഗം മൗനത്തിലാഴുന്നു. ബോധവൽക്കരണത്തിന്റെ കുറവ് പ്രകടമാണ്. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിലൂടെ നീതിസഹായം ലഭിച്ചിരുന്നെങ്കിലും ഇപ്പോഴതും അപ്രത്യക്ഷമായിരിക്കുന്നു.

പുതിയ തലമുറയുടെ പ്രതിനിധികളായി സാഹിത്യത്തിലും രാഷ്ട്രീയത്തിലും സാമൂഹികതലത്തിലും സ്ത്രീ പങ്കാളിത്തം നേർത്തുവരുന്നു. ഗാർഹിക പീഡനത്തിനെതിരെ നിയമ പരിരക്ഷ ഉണ്ടെങ്കിലും വീട്ടിലും സമൂഹത്തിലും സ്ത്രീ നിരന്തരം പീഡിപ്പിക്കപ്പെടുകയാണ്. പെൺകുട്ടികളോടുള്ള കുടുംബത്തിന്റെ അലസമായ സമീപനം മാറണം. ഓരോ വർഷവും ഇന്ത്യയിൽ അഞ്ചു വയസ്സു വരെയുള്ള പത്തു ലക്ഷത്തോളം പെൺകുട്ടികളാണു മരിക്കുന്നത്.

*ബലരാമൻ മാധ്യമപ്രവർത്തകൻ, കോളമിസ്റ്റ്*







**കെ. അജിത**

**കൗമാരത്തിൽതന്നെ സാഹസികമായ ജീവിതത്തിലേക്കു എടുത്തുചാടുകയും ഇപ്പോഴും പോരാടുകയും ചെയ്യുന്ന അപൂർവ്വ സ്ത്രീത്വം**

**റഫീഖ് അഹമ്മദ്**

പുതിയ കുട്ടികൾ അരക്ഷിതത്വബോധം അനുഭവിക്കുന്നവരാണ്. മൊബൈൽ വർത്തമാനങ്ങൾ, എസ്.എം.എസ്., ചാറ്റിങ് സൗഹൃദങ്ങൾ തുടങ്ങിയവ വഴി അരക്ഷിതബോധത്തിൽനിന്ന് വിടുതൽ നേടാൻ ശ്രമിക്കുകയാണവൾ. സ്വന്തം അനാഥത്വത്തെ മറികടക്കാനുള്ള ഉദ്യമമാണ് ഇതുവഴി നടത്തുന്നത്.

സ്ത്രീത

എ.പി. കുഞ്ഞാമു

ഗതകാലവട്ടം

# തന്റേടി, കാതര..... എളുപ്പം ഒടിയുന്ന വെള്ളത്തണ്ട്


നാസിൽ

അക്കാലത്തെയും ഇക്കാലത്തെയും പെൺകുട്ടികൾ തമ്മിൽ വലിയ വ്യത്യാസമില്ല. എളുപ്പം ഒടിഞ്ഞുപോകുന്ന വെള്ളത്തണ്ടാണ് പുതിയ കാലത്തെ വിദ്യാർത്ഥിനിയും. എളുപ്പത്തിൽ പ്രലോഭിതയാവുന്നവൾ. പഴയ പോലെത്തന്നെ കാതര. ഒരുപക്ഷേ, ഇടപെടലുകളിൽ കുറെക്കൂടി തന്റേടം പുലർത്തുന്നുണ്ടാവാം. കുറെക്കൂടി ദിശാബോധവും അവൾക്കുണ്ട്. വ്യക്തിത്വം കാത്തുസൂക്ഷിക്കാൻ ഉൽസുകയാണവൾ. പക്ഷേ, മൗലികമായി പഴയതിൽനിന്നു വ്യത്യാസമുള്ളവരല്ല പുതിയവർ. എന്റെ പഠനകാലത്ത് വിദ്യാർത്ഥിനികൾ അനുഭവിച്ചിരുന്ന സുരക്ഷിതത്വബോധം പുതിയ തലമുറക്കുണ്ടെന്നു തോന്നുന്നില്ല. ജോലിയൊന്നും അക്കാലത്തെ വലിയ സംഭവങ്ങളായിരുന്നില്ല. എങ്കിലും കുടുംബത്തിന്റെയും സമൂഹത്തിന്റെയും തണൽ തങ്ങൾക്കു ചുറ്റുമുണ്ടാവുമെന്നും എൽ.ഐ.സിയുടെ എംബ്ളത്തിലെ കൈകൾപോലെ സമൂഹം തങ്ങളെ കാത്തുസൂക്ഷിക്കുമെന്നും ഞങ്ങളുടെ കൂട്ടുകാരികൾ കരുതിയിരുന്നു. പക്ഷേ, പുതിയ കുട്ടികൾ അരക്ഷിതത്വ ബോധം അനുഭവിക്കുന്നവരാണ്. അവർ മൊബൈൽ ഫോൺ സദാ ഉപയോഗിക്കുന്നത് അതിനു തെളിവാണ്. മൊബൈൽ വർത്തമാനങ്ങൾ, എസ്.എം.എസ്., ചാറ്റിങ് സൗഹൃദങ്ങൾ തുടങ്ങിയവ വഴി അരക്ഷിതബോധത്തിൽനിന്ന് വി





കെ.ആർ. ഗൗരിയമ്മ

എതിർപ്പുകളേറെ ഉണ്ടായിട്ടും കർഷകരെയും സ്ത്രീകളെയും സംഘടിപ്പിക്കുന്നതിൽ അസാമാന്യ മികവ് തെളിയിച്ചു

സോഫിയ ബിന്ദ്



ടുതൽ നേടാൻ ശ്രമിക്കുകയാണവൾ. സ്വന്തം അനാഥത്വത്തെ മറികടക്കാനുള്ള ഉദ്യമമാണ് ഇതുവഴി നടത്തുന്നത്. ഈ സുരക്ഷിതത്വബോധമില്ലായ്മ പുതിയ വിദ്യാർത്ഥിനിയെ ദുർബലയാക്കുന്നുണ്ട്.

സ്ത്രീ-പുരുഷ ബന്ധമെന്നല്ല എല്ലാ വ്യക്തിബന്ധങ്ങളും ആരോഗ്യകരമാവണം. അത്തരം ആരോഗ്യകരമായ ബന്ധം പൊതുസമൂഹം വിശേഷിച്ചും പുരുഷ കേന്ദ്രീകൃതമായ സമൂഹം അനുവദിക്കുമെന്നു തോന്നുന്നില്ല. എം.ടിയുടെ കാലം എന്ന നോവലിൽ ഒരു സന്ദർഭമുണ്ട്. സുമിത്രയെന്ന കളിക്കൂട്ടുകാരിയെ കൈവെടിയുകയും പുതിയ സൗഹൃദങ്ങൾ സ്ഥാപിക്കുകയും ചെയ്തശേഷവും ഒരു ദിവസം നാട്ടിൽ വന്ന സേതു അവളെ കാണാനിടയാകുന്നു. അപ്പോഴാണ് സുമിത്ര വീട്ടിൽ തനിച്ചാണോ എന്ന ചിന്ത അയാളിലുണരുന്നത്. തനിച്ചാണെങ്കിൽ അവളെ പ്രാപിക്കാമെന്ന് അയാൾ കണക്കുകൂട്ടുന്നു. ഇപ്പോഴും നമ്മുടെ ഒട്ടുമിക്ക പുരുഷന്മാരും സ്ത്രീയെ കാണുന്നത് അവൾ തനിച്ചാണോ എന്നും അവളെ പ്രാപിക്കാൻ സൗകര്യപ്പെടുമോ എന്നുമൊക്കെ രഹസ്യമായി കണക്കുകൂട്ടിക്കൊണ്ടാണ്. അത്തരമൊരു സമൂഹത്തിൽ ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധം ഉണ്ടാവുമോ?


സ്ത്രീയുടെ രാഷ്ട്രീയം പ്രത്യേകം ചർച്ച ചെയ്യേണ്ട വിഷയമല്ല. പൊതുരാഷ്ട്രീയത്തിൽ സ്ത്രീക്കും പുരുഷനും ഏറെക്കുറെ ഒരേ റോളാണുള്ളത്. രാഷ്ട്രീയത്തിന്റെ സാധ്യതകളും പരിമിതിയും രണ്ടു കൂട്ടരെ സംബന്ധിച്ചിടത്തോളം സമാനമാണ്. ഭാര്യയുടെ കാര്യത്തിൽ സങ്കൽപ്പം ആ പഴയ പാട്ടിൽ പറഞ്ഞതുപോലെ തന്നെ -പൂമുഖവാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കൾ- ഞാനൊരു ഐഡിയൽ ഭർത്താവല്ല. പക്ഷേ, ഒരു ഐഡിയൽ ഭാര്യയാണ് എന്റെ സങ്കൽപ്പത്തിൽ ഉള്ളത്. ചായ ഉണ്ടാക്കാൻ പോലുമറിയാത്ത ഞാൻ മറിച്ച് എങ്ങനെ സങ്കൽപ്പിക്കും? എങ്കിലും വ്യക്തി എന്ന നിലയിൽ ഭാര്യയുടെ സ്വാതന്ത്ര്യത്തിൽ ഭർത്താവ് ഇടപെടരുത് എന്ന ആശയം ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. കഴിയുന്നിടത്തോളം പ്രാവർത്തികമാക്കുന്നു. സ്ത്രീയുടെ

**ഒരു ഐഡിയൽ ഭാര്യയാണ് എന്റെ സങ്കൽപ്പത്തിൽ ഉള്ളത്. ചായ ഉണ്ടാക്കാൻ പോലുമറിയാത്ത ഞാൻ മറിച്ച് എങ്ങനെ സങ്കൽപ്പിക്കും?**

സാമൂഹിക ഇടപെടലുകൾ കൂടുതൽ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. സംവരണംകൊണ്ട് ഇത് ഏറെയൊന്നും സാധിക്കുകയില്ല. പൊതുസമൂഹത്തിന്റെ മൈൻഡ്സെറ്റ്(മനോനില) മാറുകയാണ് ഏറ്റവുമാവശ്യം.

ഏറ്റവും കൂടുതൽ സ്വാധീനിച്ച സ്ത്രീ- ഒറ്റ ഉത്തരത്തിൽ ആ സ്ത്രീയെ ഒതുക്കിക്കൂടാ. ഉമ്മ, പെങ്ങൾ, വീട്ടുകാരി, സഹപാഠികൾ, സഹപ്രവർത്തകർ... ഇങ്ങനെ പലരുമുണ്ട്. അവരെല്ലാവരും എന്നെ സ്വാധീനിച്ച സ്ത്രീയുടെ വ്യത്യസ്ത പ്രതിനിധാനങ്ങളാണ്. ഇവയൊക്കെ കൂടിച്ചേർന്ന ഒരു ആദർശ സ്ത്രീ ഉണ്ട് എന്റെ മനസ്സിൽ. എന്നെ സ്വാധീനിച്ച, എന്റെ പെണ്ണ്.

ഞാൻ ഏറ്റവും ആദരിക്കുന്ന സ്ത്രീ- അതൊരു സാധാരണ സ്ത്രീയാണ്. ചരിത്രത്തിൽ ഇല്ലാത്തവൾ. എന്റെ വ്യക്തി ജീവിതത്തിൽപോലും ഇല്ലാത്തവൾ. ഒരു തമിഴത്തി. സ്വന്തം നാട്ടിൽവെച്ച് മലയാളിയായ ഒരു പുരുഷനാൽ പ്രലോഭിപ്പിക്കപ്പെട്ട് അവൾ ഗർഭിണിയായി. പക്ഷേ, തോറ്റു പിന്മാറാൻ അവൾ തയ്യാറല്ലായിരുന്നു. തന്നെ ഉപേക്ഷിച്ച പുരുഷനെ തേടി അവൾ കേരളത്തിലേക്ക് വണ്ടി കയറി. അയാളെ കണ്ടെത്തി. കുടുംബജീവിതം സ്ഥാപിച്ചു. വീണ്ടും രണ്ടു കുട്ടികളുടെ അമ്മയായി. ഭർത്താവ് ആ കുടുംബത്തിന് തണലായിരുന്നില്ല. എന്നിട്ടും ഈ സ്ത്രീ കൂലിവേലയെടുത്ത് മക്കളെ വളർത്തി, പഠിപ്പിച്ചു, കര കയറ്റി. ഒരാളെ വിവാഹം കഴിപ്പിച്ചയച്ചു. അവളുടെ നിശ്ചയദാർഢ്യത്തെ ഞാൻ ആദരിക്കുന്നു.



*എ.പി. കുഞ്ഞാമു സാംസ്കാരിക പ്രവർത്തകൻ, എഴുത്തുകാരൻ*



**എ.വി. കുട്ടിമാളു അമ്മ**

**പ്രസവിച്ച് ദിവസങ്ങൾക്കകം മകനെ ചുമലിലേറ്റി ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ജയിൽവാസം നേരിട്ട ധീരവനിത**

**എൻ.പി. മൊയ്തീൻ**